തലത്തിൽ അവരുടെ സേവനം പ്രയോജനപ്പെടുത്തുന്ന രീതിയാണ് ഇപ്പോൾ തുടർന്നുവരുന്നത്. കായികാദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത് അധിക സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുന്ന കാര്യമായതിനാൽ ഇതിന്റെ എല്ലാ വശങ്ങളും പരിശോധിച്ചതിനുശേഷമേ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപക നിയമനത്തിന് "ശിക്ഷാവിശാരദ" അംഗീകരിക്കുവാൻ നടപടി

121 [3300] ശ്രീ. ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദക്ഷിണഭാരത ഹിന്ദി പ്രചാരസഭയുടെ 'ശിക്ഷാ വിശാരദ്' ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപക നിയമനങ്ങൾക്ക് അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ 'ശിക്ഷാ വിശാരദ്' ഹയർസെക്കന്ററി സ്കൂൾ ഹിന്ദി അദ്ധ്യാപക നിയമനങ്ങൾക്ക് അംഗീകരിക്കുവാൻ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) തൽക്കാലം പരിഗണനയിലില്ല.

ഹയർസെക്കന്ററി സ്കൂളുകളിലെ ലൈബ്രേറിയൻ തസ്തികകളിലെ നിയമനം

122 [3301] ശ്രീ. ഷിബു ബേബിജോൺ:

,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഹയർസെക്കന്ററി സ്കൂളുകളിലെ ലൈബ്രേറിയൻ തസ്തികകളിൽ നിയമനം നടത്തണമെന്ന് സ്പെഷ്യൽ റൂളിൽ വ്യക്തമാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത തസ്തികകളിൽ നിയമനം നടത്തുവാനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തസ്തികയിൽ നിയമനം നടത്തണമെന്ന ഹൈക്കോടതിയുടെ വിധി ലംഘിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത വിധിയുടെ കോപ്പി ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നതുമായി ബന്ധപ്പെട്ട് അനന്തമൂർത്തി കമ്മീഷന്റെ വിലയിരുത്തൽ വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ ആന്റ് ബി) കേരളത്തിലെ ഹയർസെക്കന്ററി സ്കൂളുകളിൽ ലൈബ്രേറിയൻ തസ്തികകൾക്കുള്ള യോഗ്യതയും നിയമനരീതിയും സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലൈബ്രേറിയൻ തസ്തികകൾ ഇതുവരെ സൃഷ്ടിച്ചിട്ടില്ലാത്തതിനാൽ നിയമനം സംബന്ധിച്ച് നടപടികൾ ആരംഭിച്ചിട്ടില്ല.

(സി ആന്റ് ഡി) ഇങ്ങനെ ഒരു വിധി ഹൈക്കോടതി പ്രസ്താവിച്ചിട്ടില്ല. ഈ വിഷയത്തിൽ ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഹർജിയിൽ പരാതിക്കാരനെ മുഖദാവിൽ കേട്ടതിനുശേഷം ഉചിതമായ തീരുമാനം എടുക്കണമെന്നാണ് ഹൈക്കോടതി നിർദ്ദേശിച്ചിരുന്നത്. ഈ കാര്യത്തിലുള്ള സർക്കാർ തീരുമാനം പരാതിക്കാരനേയും ഹൈക്കോടതിയേയും അറിയിച്ചിട്ടുണ്ട്.

(ഇ) റിപ്പോർട്ട് പരിശോധിച്ചു വരുന്നതേയുള്ളൂ അതിനാൽ റിപ്പോർട്ടിലെ വിവരങ്ങൾ ഇപ്പോൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

ഹയർസെക്കന്ററി സ്കൂളുകളിലെ ബാച്ചും കോമ്പിനേഷനും തിരഞ്ഞെടുക്കുന്നതു സംബന്ധിച്ച നിർദ്ദേശം

123 [3302] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മേഖലയിൽ പുതുതായി അനുവദിച്ച ഹയർ സെക്കന്ററി സ്കൂളുകളിലെ ബാച്ചും കോമ്പിനേഷനും തെരെഞ്ഞെടുക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം നൽകിയിരുന്നോ;

(ബി) എങ്കിൽ നിർദ്ദേശത്തിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(സി) സയൻസ്, കോമേഴ്സ് എന്നീ വിഷയങ്ങൾ മാത്രമേ ആരംഭിക്കാവൂ എന്ന് വിദ്യാഭ്യാസ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) മാനവികവിഷയങ്ങൾ സെക്കന്ററി മേഖലയിൽ നിന്ന് ഒഴിവാക്കണമെന്ന് എം.ജി.പി. നിർദ്ദേശിച്ചിട്ടുണ്ടോ;

(ഇ) വിഷയങ്ങളുടെ കോമ്പിനേഷൻ ആവശ്യാനുസരണം തെരഞ്ഞെടുക്കുന്നതിന് അതാതു സ്കൂളുകൾക്ക് അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ബാച്ചുകളെ സംബന്ധിച്ച് നിർദ്ദേശം നൽകിയിരുന്നു.

(ബി) സയൻസ്, കോമേഴ്സ്, ഹ്യൂമാനിറ്റീസ് എന്നീ ബാച്ചുകളിൽ ഏതെങ്കിലും രണ്ടെണ്ണം ആവശ്യാനുസരണം തെരെഞ്ഞെടുക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സയൻസ്, കോമേഴ്സ് എന്നീ വിഷയങ്ങളാണ് ആദ്യം അനുവദിച്ചതെങ്കിലും പിന്നീട് മാനവിക വിഷയങ്ങൾ കൂടി അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly